LIBRARY ARCHIVES Kerala Legislative Assembly

കിഴക്കമ്പലം പഞ്ചായത്തിലെ റോഡ് നിർമ്മാണം

410 (5135) ശ്രീ. പി. വി. ശ്രീനിജിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017, 2018, 2019 വർഷങ്ങളിൽ കിഴക്കമ്പലം പഞ്ചായത്തിലെ ബി.എം.&ബി.സി. റോഡുകൾ പണിതതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പരാതികളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണസമിതിക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഇല്ല. ഈ പരാതികളുമായി ബന്ധപ്പെട്ട് WP(C)1597/2020 നമ്പരായി ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ കേസ് നിലവിലുണ്ട്.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

411 (5136) ശ്രീ. ടി. പി .രാമകൃഷ്ണൻ :
ശ്രീ സി കെ. ഹരീന്ദ്രൻ :
ശ്രീ. പി. മമ്മിക്കുട്ടി :
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാര മെന്ന നിലയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കുമോ?

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ 'അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി' എന്ന പേരിൽ നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. നഗരപ്രദേശങ്ങളിൽ വസിക്കുന്ന ദുർബ്ബല കുടുംബങ്ങൾക്ക് മറ്റുതരത്തിലുള്ള തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസരങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയാണിത്. നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ദ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ